കേരള സർക്കാർ

**ധനകാര്യ (നോഡൽസെന്റർ -ബി) വകുപ്പ്**

നം.54/2016/ധന                                                                                    തീയതി, തിരുവനന്തപുരം, 22.06.2016

**സർക്കുലർ**

വിഷയം:- ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - അക്രഡിറ്റഡ് ഏജൻസികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച്:-

സൂചന:- 1. സ.ഉ.(പി) നം. 332/2012/ധന തീയതി 11.06.2012
2. സ.ഉ.(പി) നം. 213/2015/ധന തീയതി 05.06.2015

നിയോജക മണ്ഡലം ആസ്തിവികസന പദ്ധതിയിൻ കീഴിൽ അക്രഡിറ്റഡ് ഏജൻസികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഫണ്ട് റിലീസ് നടത്തുന്നതിനായി സൂചന (2) ലെ സർക്കാർ ഉത്തരവു പ്രകാരം മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ഭരണ വകുപ്പ്/ മേലധികാരിയാണ് ഫണ്ട് റിലീസിനുളള നടപടികൾ സ്വീകരിക്കേണ്ടത്. എന്നാൽ അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്നതിനായി എം.എൽ.എ മാർ ശുപാർശചെയ്യുന്ന പ്രവൃത്തികൾ, അവയുടെ പ്രോജക്ട് റിപ്പോർട്ടുകൾ സഹിതം ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന ധനവകുപ്പിൽ സ്വീകരിക്കുകയും ആയതിന് ധനാനുമതിയും ഭരണാനുമതിയും നല്കിവരികയുമാണ് ചെയ്യുന്നത്. സൂചന (2) ലെ ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾ എല്ലാം ശരിയായി പാലിക്കുന്നതിനായി പ്രവൃത്തികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പ് മേലധികാരിയുടെ റിപ്പോർട്ട് സഹിതം ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ 2016-17 സാമ്പത്തിക വർഷം മുതൽ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്നതിനായി എം.എൽ.എ മാർ ശുപാർശചെയ്യുന്ന പ്രവൃത്തികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പ് മേലധികാരികളുടെ ശുപാർശ സഹിതം ഗവൺമെന്റിലേയ്ക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശം നല്കുന്നു.

**കെ.എം.എബ്രഹാം.**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

To

1. എല്ലാ എം.എൽ.എ.മാർക്കും
2. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
3. എല്ലാ വകുപ്പ മേധാവികൾക്കും
4. ധനകാര്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറി
6. നോഡൽ ഓഫീസർ (ധനകാര്യം) www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ